പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3252 — 21.08.2017 ൽ മറുപടിക്ക്

## കരുവാറ്റ ഭാഗം അപകടരഹിതമാക്കാൻ റോഡ് സേഫ്റ്റി അതോറിറ്റിയുടെ നടപടി

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | മറുപടി<br>ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|
| (എ) ഹരിപ്പാട് മണ്ഡലത്തിലെ കരുവാറ്റ വഴിയമ്പലം ജംഗ്ഷൻ മുതൽ കരുവാറ്റ പഞ്ചായത്ത് ഓഫീസ്. വരെയുള്ള ഭാഗത്ത് വൻതോതിൽ വാഹനാപകടങ്ങളും അത്യുമൂലമുള്ള മരണങ്ങളും സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത ഭാഗം അപകടമുക്തമാക്കുവാൻ റോഡ് സേഫ്റ്റി അതോറിറ്റിയുമായി ബന്ധപ്പെട്ട് നടത്തുവാൻ തീരുമാനിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | (ബി) ഇതു സംബന്ധിച്ച ശുപാർശ ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ വഴി സമർപ്പിക്കുന്ന പക്ഷം അതോറിറ്റി യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും അതോറിറ്റിയുടെ തീരുമാനമനുസരിച്ച് തുടർ നടപടി കൈക്കൊള്ളുന്നതുമാണ്. നിലവിൽ നാഷണൽ ഹൈവേ റോഡിന്റെ പുനരുദ്ധാരണം നടത്തിയ പ്രകാരം റോഡ് മാർക്കിംങ്, റിഫ്ലക്ടറുകൾ ഇവ റോഡ് സേഫ്റ്റി കൗൺസിലിന്റെ നിർദ്ദേശമനുസരിച്ച് നാഷണൽ ഹൈവേ അധികൃതർ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ അപകട മേഖല എന്ന് തിരിച്ചറിയുന്നതിനായി കെൽട്രോൺ മുഖേന ബ്ലിങ്കർ ലൈറ്റുകൾ ഈ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. |

S.R.

സെക്ഷൻ ഓഫീസർ